LIBRARY ARCHIVES Kerala Legislative Assembly

2015-ലെ ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പ് ചെലവ്

67(69) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) 2015-ലെ ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിന് ആകെ ചെലവ് എത്ര ; വ്യക്തമാക്കാമോ ;

(ബി) വ്യക്തിഗത ആനുകൂല്യങ്ങൾക്കായി എത്ര രൂക അനുവദിച്ചു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ചെലവുകളുടെയും നൽകിയ ആനുകൂല്യങ്ങളുടെയും ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ക്രോഡീകരിച്ചുവരുന്നു.

(ബി) പാലക്കാട് ഒഴികെ മറ്റുള്ള ജില്ലകളിൽ ആകെ 94,55,21,000 രൂപ (തൊണ്ണൂറ്റിനാല് കോടി അൻപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപ) അനുവദിച്ചു.

(സി) ചെലവുകളുടെ ജില്ലതിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല. ആനുകൂല്യങ്ങളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു*.

കോടതി സമുച്ചയങ്ങളുടെ നിർമ്മാണം

68 (70) ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോടതി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥയും അപര്യാപ്തതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏതെല്ലാം കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; ഓരോന്നിന്റെയും കാലികസ്ഥിതി വിശദീകരിക്കാമോ ;

(സി) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ ; എന്തെല്ലാം സൗകര്യങ്ങൾ ആണ് പ്രസ്തുത കോർട്ട് കോംപ്ലക്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ആധുനിക സൗകര്യങ്ങൾ എന്തെല്ലാമാണ് ഒരുക്കിയിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. 5 കോടതിമുറികളും ഒരു വീഡിയോ കോൺഫറൻസ് സിസ്റ്റവും സെർവർ റൂമും അനുബന്ധ സൗകര്യങ്ങളും ഈ കോടതി സമുച്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാഴ്ച വൈകല്യമുള്ളവരുടെ ശാക്തീകരണത്തിനായി പദ്ധതികൾ

69 (71) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. റ്റി. ബൽറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ശാസ്ത്രസാങ്കേതികവകുപ്പ് കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണത്തിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെകീഴിൽ കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ് എന്ന ഒരു സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് ഫറൂക്ക് കോളേജിൽ കാഴ്ച വൈകല്യമുള്ളവരുടെ ശാക്തീകരണത്തിനായി ഒരു ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കാഴ്ചവൈകല്യമുള്ളവരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഗവേഷണ പദ്ധതികളും ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.